(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആസ്തി ബാദ്ധ്യത എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന്റെ 1977.78-ലെ ലാഭനഷ്ടം എത്രയെന്ന് പറയാമോ?

ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ആസ്തി അഞ്ചുകോടി മുപ്പത്തിനാലുലക്ഷത്തി പതിനയ്യായിരത്തി എണ്ണൂററിതൊണ്ണൂററി ഒന്നു രൂപയും, ബാദ്ധ്യത ആറു കോടി അറുപത്തിനാലുലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുനൂററിമുപ്പത്തൊന്ന് രൂപയും ആണ്.

(ബി) 1977.78-ലെ കോർപ്പറേഷന്റെ നഷ്ടം 1,34,38,666 (ഒരു കോടി മുപ്പത്തിനാലു ലക്ഷത്തി മുപ്പത്തെണ്ണായിരത്തി അറുനൂററി അറുപത്താറ്) രൂപയാണ്.

ഭക്ഷ്യസാധനങ്ങളുടെ വില

663 [956] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണസാധനങ്ങളുടെ വിലയിൽ കുറവു വരുത്തിയതിനു ശേഷം വ്യാപാരികൾ മുൻവിലകൾ തന്നെ ഈടാക്കിക്കൊണ്ടിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിതരണസമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന അരിയും ഗോതമ്പും കേന്ദ്ര ഗവൺമെന്റാണ് തരുന്നത്. അതിന്റെ വില ഈയിടെ കുറച്ചിട്ടില്ല. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും വിൽക്കുന്ന ചായ, കോഫി, ഊണ്, മധുരപലഹാരങ്ങൾ എന്നിവയുടെ വിലയിൽ കഴിഞ്ഞ ഡിസംബർ 5 മുതൽ വരുത്തിയ കുറവുകൾ തുടർന്നു വരുന്നു. എന്നാൽ എല്ലാ ഹോട്ടലുടമകളും വില കുറച്ചിട്ടില്ലെങ്കിലും ജില്ലാ ആസ്ഥാനങ്ങളിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ പൊതുവേ വില കുറച്ചിട്ടുണ്ടെന്നും കുറച്ച വിലകൾ തന്നെ ഈടാക്കി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(ബി) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും വിൽക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ വില നിലവാരം അവലോകനം ചെയ്യാനും കുറവു വീണ്ടും വരുത്തേണ്ട ആവശ്യകതയുണ്ടെങ്കിൽ ആ വിവരം ഗവൺമെന്റിനു സമർപ്പിക്കുന്നതിനും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിക്കുന്ന പ്രൈസ് ലെവൽ കമ്മിറ്റികൾ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ചിട്ടുണ്ട്. ഇതുവരെ കൂടിയ ഇത്തരം കമ്മിറ്റികളും കുറവു വരുത്തിയ വിലകളും പകരം മുൻവിലകളും ഈടാക്കുന്നുവെന്ന ആക്ഷേപം റിപ്പോർട്ടു ചെയ്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ കമ്മിറ്റികളുടെ ശുപാർശകളും അപ്പോഴപ്പോൾ ഗവൺമെൻറ് പരിഗണിക്കുകയും യുക്തമായ നടപടികളും കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

പെട്രോളും പമ്പുകളും

664 [957] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പെട്രോൾ പമ്പുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നടത്തുന്നു;

(ബി) കൂടുതൽ പമ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) അഞ്ചെണ്ണം.

(ബി) ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഐ. ഓ. സി., ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നീ മൂന്നു കോർപ്പറേഷനുകളോടും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ന്യായവില ഷാപ്പുടമകളും ഗവൺമെൻറിലേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടം

665 [958] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായവില ഷാപ്പുടമകളും ഗവൺമെൻറിലേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉന്നയിച്ച ആവശ്യങ്ങളിൽ വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരുമാനം എന്തെല്ലാം?

ഉത്തരം

(എ) ചോദ്യത്തിൽ നിന്നും എന്നു നൽകിയ മെമ്മോറാണ്ടമാണെന്ന് വ്യക്തമല്ല. 1978 മേയ് 21-ാം തിയ്യതി കേരളാ റേഷൻ ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ഫെഡറേഷനിൽ നിന്നും ഒരു നിവേദനം ലഭിച്ചിരുന്നു. കാലാകാലങ്ങളിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളിൻമേൽ ചില തീരുമാനങ്ങൾ എടുക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മൊത്ത വ്യാപാരികൾക്കും റീട്ടേയിൽ വ്യാപാരികൾക്കും 1.10.1978 മുതൽ താഴെക്കാണുന്ന റേറ്റിൽ ഇൻസിഡൻറൽ ചാർജ്ജും ട്രാൻസ്പോർട്ട് ചാർജ്ജും വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly